വർഷം 5.64 കോടി രൂപയുടെ പച്ചക്കറി വികസനപദ്ധതികൾ വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു. പച്ചക്കറി കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് കൃഷിവകുപ്പ് നേരിട്ട് ധനസഹായം നൽകുന്നുണ്ട്. അതോടൊപ്പം കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളും കൃഷിക്കാർക്ക് നേരിട്ട് ധനസഹായം നൽകുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനത്തിനാണ് മുൻഗണന നൽകുന്നത്. പ്രതിവർഷം 2 ടണ്ണോളം വിവിധയിനം പച്ചക്കറി വിത്തുകൾ ഫാമുകൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ ഫാമിൽ ജൈവ രീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

പച്ചക്കറി ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കേരളത്തിലെ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നുണ്ട്.

## കീടനാശിനി പ്രയോഗം

19(*288) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഏലത്തിൽ കീടനാശിനി വിഷാംശം ഉയർന്ന തോതിൽ അടങ്ങിയിട്ടുള്ളതായി കേന്ദ്രകൃഷി മന്ത്രാലയം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്; സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ:

(ബി) സുഗന്ധവ്യജ്ഞനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായതിൽ കൂടുതൽ അളവിൽ കീടനാശിനി പ്രയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും ജൈവകീടനാശിനികളുടെ ഉൽപാദനവും ഉപയോഗവും പ്രചരിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. കേരളത്തിൽ നിന്നുള്ള സാമ്പിളുകൾ പരിശോധിച്ചതിൽ ഏലത്തിൽ ക്വിനാൽഫോസ് എന്ന കീടനാശിനിയുടെ അംശം കൂടുതലായി കാണുന്നുവെന്ന റിപ്പോർട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശില്പശാലകൾ, പരിശീലനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയിലൂടെ കീടനാശിനികളുടെ അവശിഷ്ടങ്ങൾ സുഗന്ധ വർഗ്ഗ വിളകളിൽ നിർദ്ദിഷ്ട അളവിലും കൂടുതൽ ഉണ്ടാകുന്നത് തടയുന്നതിന് സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും നല്ല കൃഷി മുറകളും (Good Agricultural Practices) അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. കൂടാതെ കീടനാശിനികളുടെ അമിത ഉപയോഗം മൂലമുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്. ഏലം കൃഷിക്കായുള്ള പദ്ധതികൾ മുഖ്യമായും സ്പൈസസ് ബോർഡുവഴിയാണ് നടപ്പിലാക്കുന്നത്. ഈ സീസണിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) പ്രധാന ഏലം കൃഷി മേഖലകളിൽ സംയോജിത കീട നിയന്ത്രണവും നല്ല കൃഷി മുറകളും സംബന്ധിച്ച് കർഷകർക്കായി 143 സെന്ററുകളിൽ സ്പെഷ്യൽ ക്യാമ്പെയിനുകൾ നടത്തുകയും ഇതു സംബന്ധിച്ച ലഘുലേഖകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(2) നല്ല കൃഷി മുറകൾ അനുവർത്തിക്കുന്നതിനുള്ള ജൈവ ഉല്പാദനോപാധികൾ അടങ്ങിയ കിറ്റുകൾ 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് പരമാവധി 2500 രൂപ എന്ന നിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്.

(3) ഏലം കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദനോപാദികൾ മൈലാടുപാറയിലെ ഏലം ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ജൈവ കീടനാശിനികൾ പ്രോൽസാഹിപ്പിക്കുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.

(2) സംസ്ഥാനത്ത് ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട/കളനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി 28-7-2015-ലെ സ.ഉ.(എം എസ്)നമ്പർ 128/2015 കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

(3) വിള ആരോഗ്യപരിപാലന പദ്ധതിയിൻ കീഴിൽ കീടരോഗ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പ്രതിരോധത്തിനുമുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് കർഷകർക്ക് യഥാസമയം നിർദ്ദേശം നൽകുന്നതിനായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(4) കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ജൈവ കീടരോഗ നിയന്ത്രണോപാധികൾക്കാണ് മുൻഗണന നൽകുന്നത്.

(5) മണ്ണുത്തിയിലെ സംസ്ഥാന ബയോകൺട്രോൾ ലാബിൽ നിന്നും കീടരോഗ നിയന്ത്രണത്തിനുള്ള ജൈവിക ഉപാധികളായ സ്യൂഡോമോണാസ്, ബ്യൂവേറിയ, ട്രൈക്കോകാർഡ്സ്, ട്രൈക്കോഡർമ എന്നിവ ആവശ്യമനുസരിച്ച് ഉല്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും ലഭ്യമാക്കുന്നുണ്ട്.

(6) സംസ്ഥാനത്തെ നിലവിലുള്ള പാരന്റൈസ്റ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് ജൈവിക കീടരോഗ നിയന്ത്രണോപാധികളും ഫിറമോൺ ട്രാപ്പുകളും ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(7) മങ്കൊമ്പ് ആസ്ഥാനമായുള്ള കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺലബോറട്ടറി ഉല്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) കർഷകർക്ക് ആവശ്യമായ ട്രൈക്കോഡർമ (രോഗ നിയന്ത്രണത്തിനുള്ള ജൈവികമാർഗ്ഗം) അവരുടെ കൃഷിയിടങ്ങളിൽ തന്നെ ഉണ്ടാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly